©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2025 ആഗസ്റ്റ് 26
26th August 2025
1201 ചിങ്ങം 10
10th Chingam 1201
1947 ഭാദ്രം 4
4th Bhadra 1947

നമ്പർ
No.
3072

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

കൂട്ടിചേർക്കൽ വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ. 334/2025/റ.വ തീയതി, തിരുവനന്തപുരം, 2025 ആഗസ്റ്റ് 25.

എസ്. ആർ. ഒ. നമ്പർ 963/2025

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ കിൻഫ്ര വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള 2013 ലെ ആക്ട് 11-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 30.07.2022 ലെ 2506 നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ജി.ഒ(പി) 209/2022/ആർ.ഡി നമ്പർ പ്രാഥമിക വിജ്ഞാപനത്തിലെ പട്ടിക 1 ൽ ഉൾപ്പെടാതിരുന്ന സർവ്വെ നമ്പരുകൾ കൂട്ടി ചേർത്തു കൊണ്ടും 08/08/2024 തിയ്യതിയിലെ ജി.ഒ.(പി)180/2024/റവ നം കൂട്ടിച്ചേർക്കൽ വിജ്ഞാപനം, (03.09.2024 തിയതിയിലെ അസാധാരണ ഗസറ്റ് വാല്യം 13 ലെ 2830 നമ്പർ വിജ്ഞാപനം), 07-04-2025 തിയ്യതിയിലെ സ.ഉ(അച്ചടി)നം.139/2025/റവ നമ്പർ തിരുത്തൽ വിജ്ഞാപനം (21-04-2025 തിയ്യതിയിലെ ഇ.ഒ.ജി 1519 നമ്പർ ഗസറ്റ് വിജ്ഞാപനം) എന്നിവയിലെ ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടും കൂട്ടിച്ചേർത്ത സർവേ നമ്പർ ഭൂമികളിലെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം ഉൾക്കൊള്ളിച്ചും താഴെ പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

പട്ടിക-1

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

(എല്ലാ വസ്തുക്കളും ഗ്രാമപ്രദേശത്തിൽ ഉൾപ്പെടുന്നു.)

ജില്ല-പാലക്കാട് വില്ലേജ്-പുതുശ്ശേരി വെസ്റ്റ്

താലൂക്ക്-പാലക്കാട് ബ്ലോക്ക്-30

ക്രമ നം	സർവ്വെ നമ്പർ	ഇനം/ തരം	വിസ്തീർണ്ണം (ഹെക്ടറിൽ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിത കുടുംബങ്ങളെ സ്ഥലംമാറ്റുന്നതിനുള്ള കാരണം	ഉടമസ്ഥരുടെ പേരും മേൽവിലാസവും
1	101-3	പുരയിടം	0.2580	കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കു വേണ്ടിയുള്ള സ്ഥലമെടുപ്പ്	സ്ഥലമെടുപ്പ്	അരുക്കുട്ടി കൊട്ടേക്കാട് ചെല്ലൻ മകൻ പൊന്നാണ്ടി ,കൊട്ടേക്കാട് പി.ഒ,പാലക്കാട്
2	101-4	പുരയിടം	0.1935	"	"	നാരായണൻ കുട്ടി നായർ, പ്രീമിയർ കാർട്ടേഴ്സ് ,കഞ്ചിക്കോട് പി.ഒ
3	101-5	പുരയിടം	0.9400	"	"	മുക്രോണി അയ്യൻകുട്ടി മക്കൾ രാജൻ, തങ്കപ്പൻ , കേശവൻ കഞ്ചിക്കോട്
4	101-6	പുരയിടം	0.2510	"	"	മേലെ വീട്ടിൽ പഴണൻ മകൻ ഗോപാലൻ, കഞ്ചിക്കോട് പി.ഒ
5	101-8	പുരയിടം	0.1000	"	"	മേലെ വീട്ടിൽ പഴണൻ മകൻ ഗോപാലൻ, കഞ്ചിക്കോട് പി.ഒ
6	101-9	പുരയിടം	0.0955	"	"	മുക്രോണി മാധവൻ മകൻ കൃഷ്ണൻ, മന്ദത്ത്പുര, കഞ്ചിക്കോട് പി.ഒ
7	101-10	പുരയിടം	0.2920	"	"	പഴണൻ മകൻ മേലെ വീട്ടിൽ ഗോപാലൻ ,പി.ഒ , കഞ്ചിക്കോട്
8	101-13	പുരയിടം	0.4410	"	"	നെല്ലിശ്ശേരി ഗ്രാമം എൻ.സി ബാലകൃഷ്ണയ്യർ, പി.ഒ നെല്ലിശ്ശേരി ,പാലക്കാട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9	101–16	പുരയിടം	0.0755	"	"	അറയ്ക്കൽ പത്മനാഭൻ മകൻ ചന്ദ്രഹാസൻ ,സ്കൂൾമാസ്റ്റർ കഞ്ചിക്കോട് പി.ഒ
10	101–17	പുരയിടം	0.0350	"	"	അറയ്ക്കൽ പത്മനാഭൻ മകൻ ചന്ദ്രഹാസൻ ,സ്കൂൾമാസ്റ്റർ കഞ്ചിക്കോട് പി.ഒ
11	101–18	പുരയിടം	0.0780	"	"	നടുവട്ടത്ത് കൃഷ്ണൻ മകൻ നാരായണൻകുട്ടി മാങ്ങോട്ട് പി.ഒ ചെറുപ്പളശ്ശേരി
12	101–19	പുരയിടം	0.0290	"	"	ചിന്നത്തമ്പി റാവുത്തർ മകൻ മുഹമ്മദ് ഹനീഫ റാവുത്തർ , മുക്രോണി, കഞ്ചിക്കോട് പി.ഒ
13	101–20	പുരയിടം	0.0340	"	"	പഴക്കാണ്ടിക്കളത്തിൽ കണ്ടു മകൻ ഉണ്ണികൃഷ്ണൻ ,കഞ്ചിക്കോട് പി.ഒ
14	101–21	പുരയിടം	0.1080	"	"	നാണു മകൻ കൃഷ്ണൻകുട്ടി ,കുണ്ടുമാലി, കഞ്ചിക്കോട് പി.ഒ
15	101–22	പുരയിടം	0.0230	"	"	പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ മേലെവീട്ടിൽ പഴണൻ മകൻ ഗോപാലൻ, കഞ്ചിക്കോട് പി.ഒ
16	101–23	പുരയിടം	0.0090	"	"	പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ മേലെവീട്ടിൽ പഴണൻ മകൻ ഗോപാലൻ, കഞ്ചിക്കോട് പി.ഒ
17	101/25pt	പുരയിടം	0.0710	"	"	പഴണൻ മകൻ ഗോപാലൻ കഞ്ചിക്കോട് .പി.ഒ
18	144/5	പുരയിടം	0.4560	"	"	വടുകത്തറ രാമൻ മകൻ തങ്കവേലു, കഞ്ചിക്കോട് പി.ഒ
ആകെ			**3.4895**			

<u>സമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം</u>

ഇന്ത്യ ഗവൺമെന്റിന്റെ വ്യവസായ ഇടനാഴി പദ്ധതികളിൽ ഒന്നായ കൊച്ചി–ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി കേരളത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 and The Kerala Right to Fair Compensation and Transparency in Land Acquisition,Rehabilitation and Resettlement Rules, 2015 എന്നിവ പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത പദ്ധതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരളത്തിലെ വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതും കേരളത്തിൽ ഉൽപാദന അടിത്തറ വികസിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള മാതൃകാവ്യവസായ ഇടനാഴിയാണ്. 29/07/2022 തിയതിയിലെ ജി.ഒ(പി) 209/2022/ആർ.ഡി നമ്പർ വിജ്ഞാപന പ്രകാരമുള്ള പ്രസ്തുത പദ്ധതി ആവശ്യത്തിലേക്ക് പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻടൽ, പുതുശ്ശേരി വെസ്റ്റ് എന്നീ വില്ലേജുകളിൽ യഥാക്രമം ബ്ലോക്ക്-35, 30 എന്നിവയിലുൾപ്പെട്ട ഏകദേശം 375 ഏക്കർ ഭൂമി ഏറ്റെടുക്കലിനോടൊപ്പം പുതുശ്ശേരി വെസ്റ്റ് വില്ലേജിലെ ബ്ലോക്ക് 30 യിൽ ഉൾപ്പെട്ടുവരുന്ന 101, 144 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട വരുന്നഭൂമി കൂടി ഏറ്റെടുക്കുന്നതിനായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് 16.12.2021 ലെ G0(P)No 207/2021/RD പ്രകാരം Centre for Management Development, Thycaud, Thiruvananthapuram എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പഠനം പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പഠന റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തുകയും ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ റവന്യു (ബി) വകുപ്പ് സ.ഉ (കൈ) നം - 52/2024/ആർ.ഡി ,തിയതി 19/02/2024 പ്രകാരം RFCT LARR Act സെക്ഷൻ 8(2) പ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകി ഉത്തരവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ https://palakkad.nic.in ൽ ലഭ്യമാണ്. പ്രസ്തുത പദ്ധതിയുടെ നോഡൽ ഓഫീസറായി കിൻഫ്രയെയാണ് നിശ്ചയിച്ചിട്ടുള്ളത്.

പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം 101, 144 സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ടുവരുന്ന ഭൂമി ഏറ്റെടുക്കുക വഴി 28 ഉടമകളെ പദ്ധതി നിർവഹണം നേരിട്ട് ബാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ 5 വീടുകളെ പദ്ധതി പൂർണ്ണമായും ബാധിക്കുന്നതായും പഠന റിപ്പോർട്ടിൽ പറയുന്നു. പ്രസ്തുത പദ്ധതി നിയമം അനുശാസിക്കും വിധം ഒരു പൊതു ആവശ്യത്തിന് വേണ്ടി ഉള്ളതാണെന്നും വ്യവസായങ്ങൾ വരുന്നതോടെ പദ്ധതി പ്രദേശം പുരോഗതി പ്രാപിക്കുമെന്നുള്ളതിനാലും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകുമെന്നതിനാൽ ദോഷവശങ്ങളെക്കാൾ കൂടുതൽ നല്ല വശങ്ങളാണ് ഉള്ളതെന്നും RFCT LARR ACT 2013 ചട്ടം 20 അനുശാസിക്കുന്ന പ്രകാരം ബാധിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്നും ആക്ടിന് വിധേയമായി പുവരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള പാക്കേജ് ആഘാതബാധിതർക്ക് നൽകണമെന്നും പഠന സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഗീത എ

അഡീഷണൽ സെക്രട്ടറി (റവന്യൂ)

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ കിൻഫ്ര വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള 2013 ലെ ആക്ട് 11-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ പ്രാഥമിക വിജ്ഞാപനത്തിലെ പട്ടിക 1 ൽ ഉൾപ്പെടാതിരുന്ന സർവ്വെ നമ്പരുകളും അവയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തവും കൂട്ടി ചേർത്ത കൊണ്ട് ഭേദഗതി വരുത്തുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

08/08/2024 തിയ്യതിയിലെ ജി.ഒ.(പി)180/2024/റവ നം കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിലെ (03.09.2024 തീയതിയിലെ 2830 നമ്പർ അസാധാരണഗസറ്റിൽ പ്രസിദ്ധീകരിച്ചത്) തെറ്റുകൾ തിരുത്തിയും 07-04-2025 തിയ്യതിയിലെ സ.ഉ(അച്ചടി)നം.139/2025/റവ നമ്പർ തിരുത്തൽ വിജ്ഞാപനത്തിലെ(21-04-2025 തിയ്യതിയിലെ 1519 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചത്) ഉൾപ്പെടാതിരുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിത രൂപം ഉൾപ്പെടുത്തിക്കൊണ്ടും വിജ്ഞാപനം ചെയ്യുന്നു.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.26 02:58:01 +05:30